# ജറുസലേം ദൈവരാജ്യം

2024 ഫെബ്രുവരി 2 വാല്യം 11 ലക്കം 5




# വലിയ സംഭവങ്ങൾക്ക് പിന്നിലെ ചെറിയ കാര്യങ്ങൾ





പട്ടത്തച്ചൻ

"ചെറിയ കാര്യങ്ങളിൽ വിശ്വസ്തൻ വലിയ കാര്യങ്ങളിലും വിശ്വസ്തനായിരിക്കും. ചെറിയ കാര്യങ്ങളിൽ അവിശ്വസ്തൻ വലിയ കാര്യങ്ങളിലും അവിശ്വസ്തനായിരിക്കും" (ലൂക്ക 18:10). നമ്മുടെ ആത്മാർത്ഥതയും കഠിനാധ്വാനവും പ്രാർത്ഥനയും സമർപ്പണവും ആരും ശ്രദ്ധിക്കുന്നില്ലെങ്കിലും എപ്പോഴും എവിടെയും വിശ്വസ്തതയോടെ വ്യാപരിക്കാൻ ഏറെ ശ്രദ്ധിയ്ക്കണം. "വിശ്വസ്തതയോടെ പെരുമാറുന്നവൻ ദൈവത്തെ സന്തോഷിപ്പിക്കുന്നു" (സുഭാ 12:24). അല്പകാലത്തേയ്ക്കുള്ള വിശ്വസ്തതയല്ല ദൈവം ആഗ്രഹിക്കുന്നത്. അത് ആർക്കും സാധിക്കും. "മരണം വരെ വിശ്വസ്തനായിരിക്കുക. ജീവന്റെ കിരീടം നിനക്ക് ഞാൻ നൽകും" (വെളി 2:10). നീ ഒരു യുവാവായിരിക്കാം, ഒരു യുവതിയായിരിക്കാം, ഭാര്യയായിരിക്കാം, ഭർത്താവായിരിക്കാം, സന്യാസിനിയായിരിക്കാം, പുരോഹിതനായിരിക്കാം. ഓരോ ജീവിതാവസ്ഥയോടുമുള്ള വിശ്വസ്തതയാണ് ദൈവം നോക്കുന്നത്. അടിമയ്ക്കും യജമാനനും വിശ്വസ്തനാകാം. ഗുരുവിനും ശിഷ്യനും വിശ്വസ്തനാകാം. അയൽവാസിയും വിദൂരസ്ഥനുമായിരിക്കാം. വാക്ക് പാലിച്ച് അയൽക്കാരനോട് വിശ്വസ്തത കാണിച്ചാൽ നിന്റെ ആവശ്യങ്ങൾ തക്ക സമയത്ത് കർത്താവ് നിറവേറ്റിത്തരും.

ചെറിയ കാര്യങ്ങളിലാണ് വിശ്വസ്തത കാണിക്കേണ്ടത്. അപ്പോൾ വലിയ കാര്യങ്ങൾ ദൈവം നമ്മെ ഏല്പിച്ചുതരും. ദൈവം മോശയോട് പറഞ്ഞു. മോശ പാറമേൽ അടിച്ചു. ദൈവജനത്തിന് അത്ഭുതകരമായി ദാഹജലം ലഭിച്ചു. ദൈവം ജോഷ്വയോട് പറഞ്ഞു: കാഹളം മുഴക്കുക, പ്രദക്ഷിണം വെയ്ക്കുക. ആർത്തട്ടഹസിക്കുക. ജോഷ്വയും കൂട്ടരും ദൈവം പറഞ്ഞതുപോലെ കാഹളം മുഴക്കി പട്ടണത്തിനു ചുറ്റും നടന്നു. ആർത്തട്ടഹസിച്ചു. ജറീക്കോ മതിൽ നിലം പതിച്ചു (ജോഷ്വ 6:20)

വലത്തുവശത്ത് വലയിടുക (യോഹ 21:6).
ഭരണികളിൽ വെള്ളം നിറയ്ക്കുക (യോഹ 2:6).
കല്ലെടുത്ത് മാറ്റുക (യോഹ 11:32).
ഭക്ഷണത്തിനിരുത്തുവിൻ (യോഹ 6:10).
കുളത്തിൽ കഴുകുക (യോഹ 9:7).

ഇതൊക്കെ ചെറിയ കാര്യങ്ങളാണ്. ഈ ചെറിയ കാര്യങ്ങൾ അനുസരിച്ചപ്പോൾ വലിയ കാര്യങ്ങൾ സംഭവിച്ചതായി തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നു. ചെറിയ കാര്യങ്ങൾ അനുസരിക്കാൻ സാധിക്കണമെങ്കിൽ ആഴമായ വിശ്വാസവും ആത്മീയ ശിഷ്യത്വവും വേണം.

വിശ്വസ്തതയുള്ള ജീവിതപങ്കാളിയാകുക.
വിശ്വസ്തതയുള്ള സ്നേഹിതനാകുക.
വിശ്വസ്തതയുള്ള അയൽക്കാരനാകുക.
വിശ്വസ്തതയുള്ള ജോലിക്കാരനാകുക.
വിശ്വസ്തതയുള്ള ദാസനാകുക.

ഉയർത്തപ്പെടുമ്പോഴും താഴ്ത്തപ്പെടുമ്പോഴും
തിരസ്കരിക്കപ്പെടുമ്പോഴും സ്വീകരിക്കപ്പെടുമ്പോഴും
അധികാരമുള്ളപ്പോഴും അത് നഷ്ടപ്പെടുമ്പോഴും
രഹസ്യജീവിതത്തിലും പരസ്യജീവിതത്തിലും
വിശ്വസ്തരാകുക.

ഈ നോമ്പ് കാലഘട്ടത്തിൽ മനുഷ്യരോടും ദൈവത്തോടും വിശ്വസ്തത പുലർത്തി ആത്മീയ നവീകരണത്തിന്റെ പുത്തനുണർവ്വ് സ്വായത്തമാക്കാൻ നിങ്ങൾക്ക് സാധിക്കട്ടെ. ഈശോ നമ്മെ നയിക്കട്ടെ. ആമ്മേൻ.





"ഒരുവൻ നല്ലവനായിരുന്നാൽ അവന്റെ കൂട്ടുകാർക്കും അവൻമൂലം നന്മയുണ്ടാകും. ഒരുവൻ ചീത്തയായിരുന്നാൽ അവനുതന്നെ എന്നേയ്ക്കും നാശം."

# യേശുക്രിസ്തു ഇന്നും ജീവിക്കുന്നു.

**യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയാണ്.** (ഹെബ്രാ.13: 8)



## ദൈവത്തിന് മഹത്വം



**മേരി ലോനപ്പൻ**
സ്രാമ്പിക്കൽ ഹൗസ്, ക്രിസ്റ്റഫർ


1 പത്രോസ് 4: 12 – 13 തിരുവചനം ഇപ്രകാരമാണ്: "നിങ്ങളെ പരിശോധിക്കാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ അപ്രതീക്ഷിതമായതെന്തോ സംഭവിച്ചാലെന്നപോലെ പരിഭ്രമിക്കരുത്. ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ". 2020 ൽ എന്റെ ഭർത്താവിന് ഹാർട്ട് അറ്റാക്ക് വന്നു. 5 ബ്ലോക്ക് ഉണ്ടായിരുന്നു. ഡോക്ടർ ഓപ്പറേഷൻ വേണമെന്ന് പറഞ്ഞു. ഞാൻ ജറുസലെം വചനകൂടാരത്തിൽ വന്ന് ബഹു. പട്ടത്തച്ചനെ കണ്ട് പ്രാർത്ഥിച്ചു. ഭർത്താവിനെ ഡിസ്ചാർജ്ജ് ചെയ്യുമ്പോൾ വചനകൂടാരത്തിൽ കൊണ്ട് വരണമെന്ന് പറഞ്ഞതനുസരിച്ച് ഞങ്ങൾ വരികയും, അഭിഷിക്താനുഗ്രഹം ലഭിക്കുകയും ചെയ്തു. തുടർന്നും അസുഖം മൂലം ഭർത്താവിനെ ഐ.സി.യു വിൽ അഡ്മിറ്റ് ചെയ്യേണ്ടിവന്നു. സങ്കീർണ്ണമായ ഈ അവസ്ഥയിൽ ഞങ്ങൾ വീണ്ടും ഈശോയിൽ അഭയം തേടി വചനകൂടാരത്തിൽ വരികയും അഭിഷിക്താനുഗ്രഹം യാചിക്കുകയും ചെയ്തു. ദൈവനാമത്തിൽ ഈശോയുടെ സാക്ഷിയായി തീരാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിച്ചു. സൗഖ്യം നൽകി ഈശോനാഥൻ അനുഗ്രഹിച്ചു. ദൈവത്തിന് നന്ദിയേകുന്നു. യേശുവേ സ്തുതി.

## പ്രാർത്ഥനാനിയോഗങ്ങൾ

**Whatsapp ചെയ്യേണ്ട നമ്പർ**
**9656 133 533**
**ദിവ്യകാരുണ്യ സൗഖ്യാരാധനയിൽ പേരുകൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്നതായിരിക്കും**

# അത്ഭുതങ്ങളുടെ ലോകം ഇനിയും അവസാനിച്ചിട്ടില്ല

*നിനക്ക് ഒരു തിൻമയും ഭവിക്കുകയില്ല; ഒരനർഥവും നിൻെറ കൂടാരത്തെ സമീപിക്കുകയില്ല. (സങ്കീ 9:10)*



## അനുഗ്രഹീത സമ്മാനം



**റിക്കി എ. ജെ.,** തട്ടിൽ അപ്പാടൻ വീട്, ഒല്ലൂർ

കർത്താവിന്റെ ദാനമാണ് മക്കൾ. ഉദരഫലം ഒരു സമ്മാനവുമാണ്, വിവാഹത്തിനു ശേഷം അഞ്ച് വർഷങ്ങൾക്കുശേഷം മാതാപിതാക്കളാകാനുള്ള ഭാഗ്യം നൽകിയനുഗ്രഹിച്ച ദൈവത്തിന് നന്ദിയേകുന്നു. ഞാനും എന്റെ ഭാര്യയും ജറുസലെം വചനകൂടാരത്തിൽ വന്ന് പ്രാർത്ഥിച്ചതിനുശേഷം അഞ്ചു വർഷങ്ങൾക്കുശേഷം ദൈവം ഞങ്ങൾക്ക് നൽകിയ സ്നേഹസമ്മാനമാണ് ഞങ്ങളുടെ കുഞ്ഞ് ചാൾസ്. ഇപ്പോൾ അവന് ഒരു വയസ്സായി. ഇത്രയും വലിയ ദൈവാനുഗ്രഹത്തിന് ദൈവസന്നിധിയിൽ നന്ദിയേകുന്നു.

## കണ്ണീർകണ്ട ദൈവം



**ലെഡ്ജർ ജോയ് ലിയോൺ,** മഞ്ഞിലാസ് ഹൗസ്, കല്ലൂർ, ആലേങ്ങാട്

2 രാജ 20: 5 ഇപ്രകാരമാണ്: "ഞാൻ നിന്റെ കണ്ണീർ കാണുകയും നിന്റെ പ്രാർത്ഥന കേൾക്കുകയും ചെയ്തിരിക്കുന്നു. ഞാൻ നിന്നെ സുഖപ്പെടുത്തും". ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ട് 7 വർഷമായിട്ടും കുട്ടികൾ ഉണ്ടായിരുന്നില്ല. വളരെയധികം മനോവേദന അനുഭവിച്ച ആ നാളുകളിൽ ഞങ്ങൾ ജറുസലെം വചനകൂടാരത്തിൽ വന്ന് നിയോഗം വെച്ച് പ്രാർത്ഥിച്ചു. വി. കുർബ്ബാനയിലും ആരാധനയിലും പങ്കുകൊണ്ട് പ്രാർത്ഥിച്ചു. അതിന്റെ ഫലമായി ദൈവം ഒരു ആൺകുഞ്ഞിനെ തന്ന് അനുഗ്രഹിച്ചു. ഇന്ന് അവന് 1¼ വയസ്സായി. ദൈവം തന്ന ദാനത്തിന് നന്ദി. ദൈവമേ നന്ദി..


## രക്ഷ നൽകുന്ന ദൈവം



**ജെസ്സി സ്റ്റീഫൻ,**
ഐനിക്കൽ ഹൗസ്, പുതുക്കാട്

സങ്കീർത്തനം 62: 1 ഇപ്രകാരം നമ്മോട് പറയുന്നു. "ദൈവത്തിൽ മാത്രമാണ് എനിക്കു ആശ്വാസം, അവിടുന്നാണ് എനിക്കു രക്ഷ നൽകുന്നത്". ദൈവത്തിൽമാത്രം ആശ്വാസം കണ്ടെത്തി മുന്നോട്ട് പോയപ്പോൾ രക്ഷ നൽകുന്ന ദൈവത്തെ ഞങ്ങൾ കണ്ടുമുട്ടി. അനുഗ്രഹങ്ങൾ ധാരാളം ഞങ്ങളുടെ കുടുംബത്തിലേക്ക് വർഷിക്കപ്പെട്ടു. ഞാൻ വെള്ളിയാഴ്ച ദിവസങ്ങളിൽവന്ന് മകൾക്ക് എയ്ഡഡ് സ്കൂളിൽ ഒരു ജോലി കിട്ടുവാൻവേണ്ടി പ്രാർത്ഥിച്ചിരുന്നു. അതിന്റെ ഫലമായി എന്റെ മകൾക്ക് എയ്ഡഡ് സ്കൂളിൽ സ്ഥിരമായി ഒരു ജോലി നൽകി ഈശോ നാഥൻ അനുഗ്രഹിച്ചു. മകൾക്ക് വിവാഹം കഴിഞ്ഞ് 4 വർഷമായിട്ടും കുഞ്ഞുണ്ടായില്ല. 4-ാമത്തെ വർഷം ഞാൻ ജറുസലെം വചന കൂടാരത്തിൽ വന്ന് ഏകദിന കൺവെൻഷനിൽ 5 വെള്ളിയാഴ്ച നിയോഗം വെച്ചു പ്രാർത്ഥിച്ചു. അതിന്റെ ഫലമായി 5-ാമത്തെ വെള്ളിയാഴ്ച മകൾ പ്രഗ്നന്റായി. മകളുടെ പ്രസവസമയത്ത് ഓപ്പറേഷൻ വേണ്ടിവരും എന്ന് ഡോക്ടർ പറഞ്ഞു. എന്നാൽ ഞാൻ ജറുസലെം നാഥനോടും നാഥയോടും പ്രാർത്ഥിച്ചു. ഓപ്പറേഷൻ കൂടാതെ മകൾ പ്രസവിച്ചാൽ ഞാൻ അൾത്താരയിലെ സാക്ഷിയായി മാറികൊള്ളാം എന്ന് കർത്താവിനോട് പ്രാർത്ഥിച്ചു. അതിന്റെ ഫലമായി ഡോക്ടറെ അത്ഭുതപ്പെടുത്തിക്കൊണ്ട് മകൾ സമയത്തിനു മുമ്പേ പ്രസവിച്ചു. നോർമൽ ഡെലിവറി ആയിരുന്നു. ഇത്രയും അനുഗ്രഹങ്ങൾ തന്ന എന്റെ ജറുസലെം നാഥനും ജറുസലെം നാഥയ്ക്കും ആയിരമായിരം നന്ദി പറഞ്ഞുകൊള്ളുന്നു.

## അസാധ്യമായി ഒന്നുമില്ല



**ഏയ്ഡൻ കെ. ജെഫ്,**
കൊള്ളന്നൂർ ഹൗസ്, ഒല്ലൂക്കര

വചനം പറയുന്നു: "ഞാൻ സകല മർത്യരുടെയും ദൈവമായ കർത്താവാണ്. എനിക്ക് അസാധ്യമായി എന്തെങ്കിലുമുണ്ടോ?" (ജെറ. 32: 21). ദൈവത്തിന് അസാധ്യമായിയാതൊന്നുമില്ല എന്ന് ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു. ഏറ്റ് പറയുന്നു.ഒന്നര വയസ്സിൽ കുട്ടികൾക്ക് നൽകുന്ന പോളിയോ ഇഞ്ചക്ഷനുശേഷം മോന് ഫിറ്റ്സ് ഉണ്ടായി. തുടർന്ന് കഫക്കെട്ട് കൂടിയിട്ട് ഹോസ്പിറ്റലിൽ അഡ്മിറ്റ് ആയി. 2 മാസത്തിനു ശേഷം പനിയെ തുടർന്ന് പിന്നെയും ഫിറ്റ്സ് ഉണ്ടായി. ഹോസ്പിറ്റലിൽ അഡ്മിറ്റ് ആക്കേണ്ടിവന്നു. തുടർന്ന് ഇടയ്ക്കിടയ്ക്ക് പനിയും കഫക്കെട്ടുമായി ഡോക്ടറെ കാണിക്കേണ്ടിവന്നപ്പോൾ വളരെയധികം മാനസികപ്രയാസങ്ങൾ ഉണ്ടായി. ഞങ്ങൾ മോനേയും കൊണ്ട് ജറുസലെം നാഥന്റെ തിരുസന്നിധിയിൽ വന്ന് പ്രാർത്ഥിച്ചു. പട്ടത്തച്ചനെ കണ്ട് അനുഗ്രഹം വാങ്ങിയപ്പോൾ ആശീർവ്വദിച്ച മധുരം നൽകിയതിനുശേഷം ഞായറാഴ്ചകളിൽ നടക്കുന്ന മാതാവിന്റെ ജപമാല പ്രദക്ഷിണത്തിൽ പങ്കെടുത്ത് മോനെ സമർപ്പിച്ച് നിയോഗത്തോടെ പ്രാർത്ഥിക്കുവാൻ പറഞ്ഞു. ഞങ്ങൾ അവനെയും കൊണ്ട് ജപമാല പ്രദക്ഷിണത്തിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. അതിനുശേഷം 9 മാസമായിട്ട് മോന് ഫിറ്റ്സ് എന്ന രോഗം വന്നിട്ടില്ല. സങ്കീർണ്ണമായ പനി സാധാരണ പനിയായി മാറ്റിതന്ന ഈശോയ്ക്ക് ആയിരമായിരം നന്ദിയേകുന്നു.

## സൗഖ്യദായകനായ ഈശോ



**ആന്റലിൻ ബൈജു,**
ചാലിശ്ശേരി ഹൗസ്, ഇരവിമംഗലം

നമ്മുടെ ദൈവം സൗഖ്യദായകനാണ്. കഷ്ടതയുടെ നാളുകളിൽ ഈശോയോട് പ്രാർത്ഥിച്ചാൽ നമുക്ക് ഉത്തരമരുളുന്നവനാണ് അവിടുന്ന്. "കർത്താവിന്റെ കാരുണ്യം ആകാശത്തോളം എത്തുന്നു. വിശ്വസ്തത മേഘങ്ങൾവരെയും" (സങ്കീ. 36: 5). എന്റെ സഹോദരന്റെ മകന് ചെവിയിൽ പഴുപ്പുണ്ടായിരുന്നു. 8 വർഷത്തോളം ജൂബിലിയിലെ ഡോക്ടറെകണ്ട് മരുന്ന് കഴിച്ചിരുന്നു. അവസാനം ഡോക്ടർ ഓപ്പറേഷൻ നിർദ്ദേശിച്ചു. കൊറോണയുടെ സമയത്ത് ഞങ്ങൾ ഓപ്പറേഷൻ നടത്തി. ഓപ്പറേഷൻ കഴിഞ്ഞപ്പോൾ ഡോക്ടർ പറഞ്ഞു, ചെവിയുടെ ഉള്ളിലെ എല്ല് കുറേശ്ശെ പൊടിയുന്നുണ്ട്. അങ്ങനെ ഉണ്ടായാൽ അത് അവന്റെ കേൾവിയെ ബാധിക്കുമെന്ന് ഡോക്ടർ പറഞ്ഞപ്പോൾ ഞാൻ ജറുസലെം നാഥനോട് പ്രത്യേക നിയോഗത്തോടെ പ്രാർത്ഥിച്ചു. എന്റെ കുഞ്ഞിന് ഒരു കുഴപ്പവും കൂടാതെ തന്നാൽ ഞാൻ ജറുസലെം നാഥന്റെ തിരുസന്നിധിയിൽ വന്ന് സാക്ഷ്യം പറഞ്ഞുകൊള്ളാം. ഒരാഴ്ച മുമ്പ് ഞങ്ങൾ ഡോക്ടറെ കണ്ടപ്പോൾ ഒരു കുഴപ്പവും ഇല്ല എന്ന് അദ്ദേഹം പറഞ്ഞു. ദൈവത്തിന് നന്ദിയേകുന്നു.

## യേശു കർത്താവാണ്



**ജോയ്സി വി. എൽ.,** W/o ഒ. കെ. ആന്റണി,
ഒലക്കേങ്കിൽ ഹൗസ്, വേലൂർ

"യേശു കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും" (റോമ 10: 9). എനിക്ക് 2 വർഷം മുമ്പ് ബ്രസ്റ്റ് കാൻസർ ഉണ്ടാവുകയും ഞാൻ ജറുസലെം വചനകൂടാരത്തിൽ ആന്തരിക സൗഖ്യ ആരാധനയിൽ ഓൺലൈന് വഴി പങ്കെടുക്കുകയും ചെയ്തു. അതിന്റെ ഫലമായി എനിയ്ക്ക് ശസ്ത്രക്രിയയിലൂടെ ട്രീറ്റ്മെന്റ് നടത്തുകയും രോഗം സൗഖ്യമാകുകയും ചെയ്തു. ഇപ്പോൾ ക്യാൻസർ സെൽസ് ഒന്നും തന്നെ ശരീരത്തിൽ ഇല്ല. സൗഖ്യം തന്ന ജറുസലെം നാഥനും, നാഥയ്ക്കും എനിയ്ക്കായി പ്രാർത്ഥിച്ച വൈദികർക്കും നന്ദിയും, സ്തുതിയും, ആരാധനയുമേകുന്നു.

## അഭയമായ കർത്താവ്



**ലിസ്സി ജോസ്,** പുത്തൂക്കര ഹൗസ്,
പി. ഒ. അമലനഗർ, തൃശൂർ

"ദൈവമാണ് നമ്മുടെ അഭയവും, ശക്തിയും. കഷ്ടതകളിൽ അവിടുന്നു സുനിശ്ചിതമായ തുണയാണ് (സങ്കീ. 46: 1). എന്റെ ചെവിയിൽ നിന്നും രണ്ട് മാസമായി പഴുപ്പും വെള്ളവും വരുന്നുണ്ടായിരുന്നു. ഡോക്ടറെ കാണിച്ചപ്പോൾ ഓപ്പറേഷൻ ഇല്ലാതെ മാറുകയില്ല എന്ന് പറഞ്ഞു. ഞാൻ പട്ടത്തച്ചനെ കണ്ട് പ്രാർത്ഥിച്ചപ്പോൾ ഓപ്പറേഷൻ ഇല്ലാതെ തന്നെ സൗഖ്യം ലഭിക്കും എന്ന് പറഞ്ഞു. തുടർന്നും ചെവിയിൽ നിന്നും പഴുപ്പും, വെള്ളവും വന്നുകൊണ്ടിരുന്നു. ഡോക്ടർ പറഞ്ഞതുപോലെ സർജറി ചെയ്യാൻ എല്ലാവരും നിർബന്ധിച്ചു. എനിക്ക് രോഗസൗഖ്യം ഈശോ നൽകും എന്ന് ഞാൻ ഉറച്ച് വിശ്വസിച്ചു. പ്രാർത്ഥിച്ച് മുന്നോട്ടു പോയി. ഓപ്പറേഷൻ ചെയ്യാനോ ഡോക്ടറെ കാണാനോ പോയില്ല. തുടർപരിശോധനയ്ക്കായി ഡോക്ടറെ കണ്ടപ്പോൾ പരിശോധനയ്ക്കുശേഷം ഒരു കുഴപ്പവുമില്ല. ഓപ്പറേഷൻ വേണ്ട എന്നു ഡോക്ടർ പറഞ്ഞു. യേശുനാഥൻ എനിക്ക് നൽകിയ സൗഖ്യത്തിന് നന്ദി പറയുന്നു.





## “ആശ്രമങ്ങളുടെ മഹത്വം അതിന്റെ ഭിത്തികളുടെ കനമല്ല. അതിൽ നിവസിക്കുന്നവർ തമ്മിലുള്ള സ്നേഹമാണ്.”

# ആശ്വാസദായകനായ ഈശോ



**സിനി തോമസ്,** പള്ളിപ്പാറയിൽ വീട്, മാന്ദാമംഗലം പി. ഒ., മുരുക്കുംപാറ, തൃശൂർ

“കർത്താവ് അവനു രോഗശയ്യയിൽ ആശ്വാസം പകരും. അവിടുന്ന് അവനു രോഗശാന്തി നൽകും” (സങ്കീ. 41:3) എനിക്ക് ബ്ലീഡിങ്ങ് ആരംഭിച്ചപ്പോൾ ഹോസ്പിറ്റലിൽ പോയി ഞാൻ ടെസ്റ്റ് ചെയ്തു. യൂട്രസ്സിൽ തടിപ്പാണെന്നു പറഞ്ഞ് ഡോക്ടർ ബ്ലഡ് ടെസ്റ്റ് ചെയ്യാനും സ്കാൻ ചെയ്യാനും നിർദ്ദേശിച്ചു. ജറുസലെം വചനകൂടാരത്തിൽവന്ന് വിശുദ്ധ കുർബ്ബാനയിലും ആരാധനയിലും പങ്കുകൊണ്ട് പ്രാർത്ഥിച്ചതിന്റെ ഫലമായി സർജറി വേണ്ടിവരും എന്നു പറഞ്ഞ എന്റെ രോഗത്തിന് ഈശോ സൗഖ്യം നൽകിയനുഗ്രഹിച്ചു. പരിശുദ്ധ അമ്മയ്ക്കും ജറുസലെംനാഥനും നന്ദിയേകുന്നു. യേശുവേ സ്തോത്രം. മാതാവേ അനുഗ്രഹിക്കണമേ.

# കർത്തൃപാദേ അണഞ്ഞപ്പോൾ



**അനു മെജോയ്,** കച്ചറയ്ക്കൽ ഹൗസ്, പുതുക്കാട്

“കർത്താവിനെ പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും സ്നേഹിക്കുക” (മത്താ 22:37). എന്ന തിരുവചനങ്ങൾ ഞങ്ങളുടെ ജീവിതത്തിലും അന്വർത്ഥമായി. പൂർണ്ണമായും ദൈവത്തെ വിളിച്ചപേക്ഷിച്ചപ്പോൾ അവിടുന്ന് ഞങ്ങളുടെ മകനിലൂടെ അത്ഭുതം പ്രവർത്തിച്ചു. എന്റെ മകന് നാലു വയസ്സുവരെ സംസാരം കുറവായിരുന്നു. അക്ഷരങ്ങൾ കൂട്ടിപ്പറയാൻ പറ്റിയിരുന്നില്ല. അപ്പോൾ എന്റെ അമ്മ നല്ലതുപോലെ മകൻ സംസാരിച്ചാൽ ജറുസലെമിൽ വന്ന് സാക്ഷ്യം പറയാമെന്ന് നേർന്നിരുന്നു. ജറുസലെം വചനകൂടാരത്തിൽ വന്ന് മൂന്ന് ആഴ്ച നിയോഗം വച്ച് പ്രാർത്ഥിക്കുകയും ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്തതിന്റെ ഫലമായി മകൻ ഇപ്പോൾ നല്ലതുപോലെ സംസാരിക്കാൻ തുടങ്ങി. യേശുവേ നന്ദി, യേശുവേ സ്തുതി.

# പ്രാർത്ഥന ശ്രവിച്ച ഈശോനാഥൻ



**അലൻ റോസ് & നവ്യ മാർഗരറ്റ് മാത്യു,** കൊച്ചുപുരയ്ക്കൽ ഹൗസ്, കനകപ്പള്ളി പി. ഒ., പരപ്പ വഴി, കാസർഗോഡ്

ഞങ്ങളുടെ പ്രാർത്ഥന ശ്രവിച്ച് ഉന്നതവിജയം നൽകി പരീക്ഷാഭയത്തിൽ നിന്നും ഞങ്ങളെ മോചിപ്പിച്ച ഈശോനാഥന് നന്ദിയും സ്തുതിയും ആരാധനയുമേകുന്നു. വചനം പറയുന്നു: “എല്ലാറ്റിനേയും ഭരിക്കുന്ന ദൈവമേ, ആശയറ്റവരുടെ ശബ്ദം കേൾക്കണമേ! തിൻമ ചെയ്യുന്നവരുടെ കരങ്ങളിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ! എന്നെ ഭയത്തിൽനിന്നു മോചിപ്പിക്കണമേ” (എസ്തേർ 14:19). ഞങ്ങൾ ബി. എസ്. സി. നഴ്സിംഗ് വിദ്യാർത്ഥികളാണ്. കഴിഞ്ഞ മെയ് മാസത്തിൽ നടന്ന യൂണിവേഴ്സിറ്റി സെക്കൻഡ് ഇയർ പരീക്ഷ വളരെ ബുദ്ധിമുട്ടായിരുന്നു. വാല്യുവേഷനു പോയിരുന്ന അദ്ധ്യാപകർ കുറെ ഫെയ്‌ലേഴ്സ് ഉണ്ടെന്ന് പറഞ്ഞിരുന്നു. ആ സമയത്തായിരുന്നു സിജോ അച്ചന്റെ നേതൃത്വത്തിൽ ഞങ്ങളുടെ കോളേജിൽ ധ്യാനം നടന്നത്. ധ്യാനത്തിന്റെ അവസാനദിവസം ഞങ്ങൾ തീരുമാനമെടുത്തിരുന്നു നല്ല മാർക്കോടുകൂടി എല്ലാ വിഷയവും പാസ്സായാൽ ജറുസലെമിലെ അൾത്താരയിൽ വന്ന് സാക്ഷ്യം പറയുമെന്ന്. റിസൽട്ട് വന്നപ്പോൾ ഞങ്ങൾ അർഹിക്കുന്നതിൽ കൂടുതൽ മാർക്ക് തന്ന് ഫസ്റ്റ് ക്ലാസ്സ് നൽകി ഈശോനാഥൻ അനുഗ്രഹിച്ചു. യേശുവേ നന്ദി, യേശുവേ സ്തുതി.

# കൃപയേകിയ ദൈവം



**റിയ പ്രവീൺ,** ആട്ടോക്കാരൻ ഹൗസ്, ഷാലോം സ്ട്രീറ്റ്, ചിയ്യാരം

ഫിലി 4:6 ഇപ്രകാരമാണ്: “ഒന്നിനെക്കുറിച്ചും ആകുലരാകേണ്ട. പ്രാർത്ഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ”. ഞാൻ ബി. എസ്. സി. നഴ്സിംഗ് പഠിച്ചുകഴിഞ്ഞ് വിദേശത്തേയ്ക്ക് പോകുവാനുള്ള ഒ. ഇ. ടി. എക്സാം എഴുതിയെങ്കിലും ഫെയിലായി. വീണ്ടും പരീക്ഷ എഴുതുവാൻ തീയതി എടുത്തു. **പരീക്ഷയ്ക്കു മുൻപ് ഞായറാഴ്ചയിലെ ജപമാല പ്രദക്ഷിണത്തിൽ പങ്കെടുത്ത് പ്രാർത്ഥിക്കുകയും അഭിഷിക്താശീർവ്വാദം സ്വീകരിക്കുകയും ചെയ്തിരുന്നു. പരീക്ഷ വളരെ എളുപ്പമായിരുന്നു. എല്ലാ വിഷയത്തിലും ബി ഗ്രേഡ് കിട്ടി.** ഇപ്പോൾ യു. കെ. യിലേക്ക് പോകാനുള്ള വിസയ്ക്ക് അപേക്ഷിക്കാനുള്ള കൃപയും നൽകി ദൈവമെന്നെ അനുഗ്രഹിച്ചു. യേശുവേ നന്ദി. യേശുവേ സ്തുതി.

# വലതുകരം പിടിച്ച കർത്താവ്

**ആഗ്നസ് വർഗ്ഗീസ്,** G/102A, ലജ്പത് നഗർ, ഗാസിയാബാദ്, ഉത്തർപ്രദേശ്



കാലദേശങ്ങൾക്കപ്പുറത്ത് കർത്താവിന്റെ വചനം സൗഖ്യമായും കരുണയായും മാറുന്നു. നമ്മുടെ ദൈവമായ കർത്താവ് നമ്മോട് പറയുന്നു: ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായിക്കും. ഏശ. 41: 13ലൂടെ അവിടുന്ന് അരുളിച്ചെയ്തു: **“നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലത്തുകൈ പിടിച്ചിരിക്കുന്നു”**. കർത്താവിനോടൊപ്പം വലത്തുകരം പിടിച്ച് യാത്ര ചെയ്തപ്പോൾ ധാരാളം കൃപകൾ ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടായി. കഴിഞ്ഞ കൊല്ലം ആഗസ്റ്റ് മാസം മുതലാണ് ജറുസലെം വചനകൂടാരത്തിലെ ആരാധനകളിൽ ഓൺലൈൻ വഴി ശുശ്രൂഷകൾ കൂടാൻ തുടങ്ങിയത്. കഴിഞ്ഞ വർഷം ഡിസംബറിൽ ജറുസലെം കൺവെൻഷൻ കൂടി പട്ടത്തച്ചന്റെ പ്രാർത്ഥനാസഹായം അപേക്ഷിച്ചു. പ്രാർത്ഥിക്കുന്ന ഒരു കാര്യവും യഥാസമയം സാധിക്കുന്നില്ല എന്നു പറഞ്ഞപ്പോൾ അച്ചൻ പ്രാർത്ഥിച്ച് വചനം നൽകി. എനിക്ക് മണവും രുചിയും കിട്ടുന്നുണ്ടായിരുന്നില്ല. ഞങ്ങൾ തിരിച്ചുപോയി ഡോക്ടറെ കണ്ടു. ഇപ്പോൾ മണവും രുചിയും കിട്ടുന്നുണ്ട്. വീട്ടിൽ ഉറുമ്പിന്റേയും ചെള്ളിന്റേയും പന്നിയുടേയും ശല്യമുണ്ടായിരുന്നു. ലൂക്കാ 10:19 വചനം ചൊല്ലി പ്രാർത്ഥിച്ചു. ഇപ്പോൾ ശല്യം മാറിക്കിട്ടി. കഴിഞ്ഞ മെയ്മാസത്തിലും ജൂൺമാസത്തിലും കാനാട്ടച്ചനെ കണ്ട് ഒരു ഭവനം ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടിരുന്നു. പ്രാർത്ഥനയുടെ ഫലമായി ഒരു ഭവനം ലഭിച്ചു. ഞങ്ങളുടെ വീട്ടിൽ കുരുമുളക് വർഷങ്ങളായി കൂട്ടിവെച്ച് വിൽക്കാതെ സൂക്ഷിച്ചുവച്ചിട്ടുണ്ടായിരുന്നു. ആരും അത് വിൽക്കുവാൻ സമ്മതിച്ചിരുന്നില്ല. ഞാൻ മാതാവിന്റെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിച്ചതിന്റെ ഫലമായി അത് വിൽക്കുവാൻ സാധിച്ചു. എല്ലാ കുരുമുളകും വിറ്റുകിട്ടി. കളഞ്ഞുപോയ പണം തിരികെ ലഭിച്ചു. ഇത്രയും വലിയ അനുഗ്രഹങ്ങൾ സാധിച്ചുതന്ന ഈശോയ്ക്കും പരിശുദ്ധ അമ്മയ്ക്കും കോടാനുകോടി നന്ദി അർപ്പിക്കുന്നു.

# വിശ്വസിച്ച് പ്രാർത്ഥിച്ചപ്പോൾ



**ബീന ഫ്രാൻസിസ്**, മാളിയേക്കൽ ഹൗസ്, പി. ഒ. മണ്ണുത്തി, നടത്തറ

വിശ്വസിച്ച് പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം കേൾക്കുന്നു. ഉത്തരമേകുന്നു. മനുഷ്യബുദ്ധിക്ക് അസാധ്യമായ കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നു. ജോബ് 37:14 ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നു: “ദൈവത്തിന്റെ അത്ഭുതങ്ങളെക്കുറിച്ച് അൽപ്പനേരം ചിന്തിക്കുക”. ജീവിതകാലം മുഴുവനും നമുക്ക് ദൈവത്തോട് നന്ദി പറയാം. എന്റെ മകൾ ബി. എസ്. സി. നേഴ്സിംഗ് കഴിഞ്ഞ് ഒ. ഇ. ടി. പരീക്ഷ എഴുതാൻ തുടങ്ങിയപ്പോൾ ഞാൻ ഒമ്പത് വെള്ളിയാഴ്ചകളിൽ നിയോഗം വച്ച് പ്രാർത്ഥിച്ചു. ദിവ്യകാരുണ്യ ആരാധനയിലും 33 ദിവസത്തെ കുരുക്കഴിക്കുന്ന മാതാവിന്റെ പ്രാർത്ഥനയിലും പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി രണ്ടാം പ്രാവശ്യം ഒ. ഇ. ടി. പാസ്സാവുകയും മെയ് 31-ാം തിയ്യതി യു. കെ. യിലേയ്ക്ക് പോകുവാൻ സാധിക്കുകയും ചെയ്തു. പോകുന്നതിനുമുൻപ് വിവാഹകാര്യം ശരിയാകാൻ പ്രാർത്ഥിച്ചു. അതും ദിവ്യകാരുണ്യനാഥനും ദൈവമാതാവും സാധിച്ചുതന്നു. പോകുന്നതിനുമുമ്പ് വിവാഹം ഉറപ്പിച്ചു പോകുവാൻ സാധിച്ചു. അതുപോലെ യു. കെ. യിലേയ്ക്ക് പോയി താമസിക്കാൻ വീടുകിട്ടാതെ വളരെ ബുദ്ധിമുട്ടി. **ഞാൻ ഇപ്പോൾ നടക്കുന്ന 33 ദിവസത്തെ കുരുക്കഴിക്കുന്ന മാതാവിന്റെ പ്രാർത്ഥനകളിൽ നിയോഗം വച്ച് പ്രാർത്ഥിച്ചു. 15-ാം ദിവസം മകൾക്ക് താമസിക്കാൻ വീട് ലഭിച്ചു.** ഇത്രയും വലിയ അനുഗ്രഹങ്ങൾ തന്ന ദിവ്യകാരുണ്യഈശോയ്ക്കും ജറുസലെം നാഥയ്ക്കും ആയിരമായിരം നന്ദി.

# അനുഗ്രഹ വർഷം

**ജിഷ ജെയ്സൻ,** പൊറുത്തൂർ ഹൗസ്, പറപ്പൂർ



“അടിയന്റെ കുടുംബം അങ്ങയുടെ മുമ്പിൽനിന്ന് ഒരിക്കലും മാറിപ്പോകാതിരിക്കേണ്ടതിന് അതിനെ അനുഗ്രഹിക്കാൻ തിരുവുള്ളമാകണമേ” (1 സാമു 1:29). എന്റെ മകന് ഓസ്ട്രേലിയായിലേയ്ക്ക് പോകാൻ കുറെയേറെ തടസ്സങ്ങൾ ഉണ്ടായിരുന്നു. ലോൺ പാസ്സാകുന്നതിന് ഒരിക്കലും സാധിക്കില്ല എന്ന് കരുതി. ആധാരം അവന്റെ അപ്പാപ്പന്റെ പേരിലായിരുന്നു. അതുകൊണ്ട് ബാങ്കുകളൊക്കെ മടക്കി അയയ്ക്കുകയായിരുന്നു. ജറുസലെമിൽവന്ന് ഈശോയോട് പ്രാർത്ഥിച്ചു. പട്ടത്തച്ചനെ കണ്ട് അനുഗ്രഹം വാങ്ങി. അതിനുശേഷം യൂണിയൻ ബാങ്കിൽ കൊടുത്തപ്പോൾ അവർ പെട്ടെന്നുതന്നെ മൂന്ന് ദിവസത്തിനുള്ളിൽ ലോൺ ശരിയാക്കിത്തന്നു. പിന്നീട് വിസയ്ക്ക് അപേക്ഷിക്കുമ്പോഴും തടസ്സങ്ങളായിരുന്നു. വീണ്ടും പ്രാർത്ഥനാസഹായം ആവശ്യപ്പെട്ട് ജറുസലെം വചനകൂടാരത്തിലേയ്ക്ക് വന്നു. മൂന്നാമത്തെ വെള്ളിയാഴ്ചയ്ക്കുള്ളിൽ വിസ വരും എന്ന് സന്ദേശം ലഭിച്ചു. രണ്ട് ആഴ്ച ആകുമ്പോഴേയ്ക്കും വിസ കിട്ടി. മകൻ ഓസ്ട്രേലിയയിലേക്ക് പോയി. ദൈവാനുഗ്രഹങ്ങൾ വർഷിച്ച ജറുസലെംനാഥന് നന്ദിയേകുന്നു.

# ദൈവാനുഗ്രഹം അനുഗ്രഹമഴയായി

**ഷൈനി റെജി,** എലഞ്ഞിമറ്റം ഹൗസ്, മണ്ണപ്പാറ



സങ്കീ. 37:5 ഇപ്രകാരമാണ്: “നിന്റെ ജീവിതം കർത്താവിനു ഭരമേൽപ്പിക്കുക. കർത്താവിൽ വിശ്വാസമർപ്പിക്കുക. അവിടുന്ന് നോക്കിക്കൊള്ളും”. 22 വർഷങ്ങളായി നിയോഗങ്ങളോടെ ജറുസലെം നാഥന്റെ സന്നിധിയിൽ വന്ന് ഞാൻ പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവാനുഗ്രഹം അനുഗ്രഹമഴയായി ദൈവം വർഷിച്ചു. ആദ്യത്തെ അനുഗ്രഹമായി എന്റെ ഭർത്താവിന്റെ തലയിൽ ഞരമ്പ് പൊട്ടി ക്രിട്ടിക്കലായിരുന്നു. ദൈവാനുഗ്രഹത്താൽ ഒരു കുഴപ്പവുമില്ലാതെ സൗഖ്യമായി. മൂത്തമകൻ ബി. ടെക്. പാസ്സായി. ഉടനെതന്നെ ജോലി നൽകി ഈശോ അനുഗ്രഹിച്ചു. രണ്ടാമത്തെ മകൻ ഏവിയേഷൻ കഴിഞ്ഞ് ജോലി കിട്ടാൻ ബുദ്ധിമുട്ടായിരുന്നു. നിയോഗപ്രാർത്ഥനയുടെ ഫലമായി എയർ ഇന്ത്യാ എക്സ്പ്രസ്സിൽ ടെക്നീഷ്യനായി ജോലി ലഭിച്ചു. ഞങ്ങളുടെ വീടിന്മേലുള്ള കടം മാറിക്കിട്ടി. ജപ്തിനോട്ടീസ് വരെ എത്തിയ കടബാധ്യതയായിരുന്നു. ദൈവാനുഗ്രഹത്താൽ കടബാധ്യത മാറുകയും ഭവനം തിരികെ ലഭിക്കുകയും ചെയ്തു. ദൈവമേ നന്ദി.

# സമീപസ്ഥനായ കർത്താവ്




**കൊച്ചുത്രേസ്യ,** മേലേത്ത് ഹൗസ്, ശാന്തി റോഡ്, കുട്ടനെല്ലൂർ

സങ്കീർത്തനങ്ങൾ 34:18 ഇപ്രകാരമാണ്: “ഹൃദയം നുറുങ്ങിയവർക്ക് കർത്താവ് സമീപസ്ഥനാണ്. മനമുരുകിയവരെ അവിടുന്ന് രക്ഷിക്കുന്നു”. തകർച്ചയുടെ നാളുകളിൽ മനമുരുകിയപ്പോൾ രക്ഷിച്ച ദൈവമേ അങ്ങേയ്ക്ക് നന്ദി. എന്റെ മകൾ ഒ. ഇ. ടി. പരീക്ഷ രണ്ടു പ്രാവശ്യം എഴുതിയെങ്കിലും പരാജയപ്പെട്ടു. വളരെയധികം സങ്കടത്തോടെ ഞാൻമാതാവിനോട് ഇങ്ങനെ പ്രാർത്ഥിച്ചു: “മാതാ വേ, പരീക്ഷ പാസ്സായി എല്ലാ കാര്യങ്ങളും ഭംഗിയായി നടത്തിത്തരണം. എനിക്ക് അൾത്താരയിലെ സാക്ഷിയായി തീരാനുള്ള കൃപയേകണം”. ഞാൻ 17 വെള്ളിയാഴ്ച ഉപവാസമെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി മകൾ പരീക്ഷ പാസ്സായി. എല്ലാ കാര്യങ്ങളും തടസ്സം കൂടാതെ മാതാവ് നടത്തിത്തന്നു. മകൾ യു. കെ. യിൽ സുരക്ഷിതമായി എത്തുകയും ചെയ്തു. ജറുസലെംനാഥയ്ക്ക് ആയിരമായിരം നന്ദിയേകുന്നു. പണി പൂർത്തിയാകാത്ത ഭവനമായിരുന്നു എന്റേത്. 18 വർഷമായിട്ടും പല വിധ തടസ്സങ്ങൾ മൂലം പണി പൂർത്തിയായില്ല. ഈ വിഷമസന്ധിയിൽനിന്നും മോചനം ലഭിക്കുന്നതിനും ഭവനനിർമ്മാണം പൂർത്തിയാകുന്നതിനുമായി പട്ടത്തച്ചൻ പറഞ്ഞതനുസരിച്ച് ജറുസലെംനാഥയുടെ പ്രാർത്ഥനാകാർഡ് കൊണ്ടുപോയി 33 ദിവസം രണ്ടു നേരം പ്രാർത്ഥിച്ചു. 30 ദിവസം ആകുമ്പോഴേയ്ക്കും വീടിന്റെ എല്ലാ പണിയും പൂർത്തിയായി. ഭവനം മനോഹരമായി. ജറുസലെംനാഥയ്ക്കും ജറുസലെം നാഥനും ആയിരമായിരം നന്ദിയേകുന്നു.

# വിസ്മയനീയം ഈ ദൈവനിയോഗം



സിനി ജോൺസൻ



സീറോ മലബാർ സഭയുടെ നാലാമത് മേജർ ആർച്ച് ബിഷപ്പായി ഷംഷാബാദ് രൂപത മെത്രാൻ മാർ റാഫേൽ തട്ടിൽ തെരഞ്ഞെടുക്കപ്പെട്ടതിൽ നമുക്കഭിമാനിക്കാം. സീറോ മലബാർ സഭയ്ക്ക് ആഹ്ലാദത്തിന്റെയും ആനന്ദത്തിന്റെയും സുന്ദര സുദിനങ്ങളാണിത്. കാലത്തിന്റെ അനിവാര്യതയും ദൈവികപദ്ധതിയുടെ പൂർത്തീകരണവുമാണ് ഈ സിനഡ് തെരഞ്ഞെടുപ്പ്. തീർച്ചയായും ഇതൊരു ദൈവനിയോഗമാണ്.

സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി പ്രഖ്യാപിക്കപ്പെട്ടതിന്റെ 30-ാം വർഷത്തിലാണ് നാലാമത് മേജർ ആർച്ച്ബിഷപ്പായി മാർ റാഫേൽ തട്ടിൽ നിയമിതനാകുന്നത്. ദൈവം കനിഞ്ഞുനൽകിയ ദാനങ്ങൾ പൂർണതയിലെത്തിക്കാൻ നിരന്തരം പരിശ്രമിക്കുന്ന ഇടയനാണ് മാർ റാഫേൽ തട്ടിലെന്ന് അദ്ദേഹത്തെ അടുത്തറിയുന്ന എല്ലാവർക്കും അറിയാം. ജനകീയനായിരുന്നു, ജനപ്രിയനായിരുന്നു എന്നും മേജർ ആർച്ച്ബിഷപ്പ്. ആഗോള കത്തോലിക്കാസഭയും അതിന്റെ ഭാഗമായ സീറോ മലബാർ സഭയും വിശ്വാസികൾക്ക് മാത്രമല്ല ഭൂമുഖത്തെ സകല മനുഷ്യർക്കുവേണ്ടിയും അടിച്ചമർത്തപ്പെട്ടവർക്കുവേണ്ടിയും യത്നിക്കുകയും ശബ്ദമുയർത്തുകയും ചെയ്യുന്ന സംഭവങ്ങൾ നിരവധിയാണ്.

തൃശ്ശൂർ ബസിലിക്ക ഇടവകാംഗമായ മാർ തട്ടിൽ 1980-ലാണ് പുരോഹിതനായത്. റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ അദ്ദേഹം തൃശ്ശൂർ അതിരൂപത മതബോധന വിഭാഗത്തിന്റെ ഡയറക്ടറായി. 2010-ൽ തൃശ്ശൂർ അതിരൂപതയുടെ സഹായമെത്രാനായി നിയമിതനായ സമയത്ത് പറഞ്ഞ വാക്കുകൾക്ക് വളരെയേറെ പ്രസക്തിയാണ് ഇന്നും ഉള്ളത്. ''കളകൾ പറിക്കാനല്ലല്ലോ നമ്മളെ വിളിച്ചിട്ടുള്ളത്. കളകളെയും വിളയിലേക്കു വളർത്താനായാൽ അതല്ലേ നന്ന്. ഒരാളുടേയും കുറവുകൾ തെരയാതെ അവരുടെ നിറവുകൾ കണ്ടെത്താൻ ശ്രമിക്കുക''. സമവായത്തിന്റെ ഈ ശൈലിയാണ് സഭയ്ക്കിന്ന് ഏറെ അനുയോജ്യം. എല്ലാവരെയും ഉൾക്കൊള്ളാൻ സാധിക്കുന്ന സഭാശൈലിയാണ് മാർ തട്ടിലിന്റേത്. അതിനാൽതന്നെ ഈ തെരഞ്ഞെടുപ്പിനെ ദൈവനിയോഗമായിട്ടാണ് ദൈവജനം കാണുന്നത്. മാർ ജോസഫ് കുണ്ടുകുളം പിതാവാണ് തട്ടിൽ പിതാവിനെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഇടയൻ. തന്നെ കാണാൻ വരുന്ന ഒരാളേയും പിണക്കിവിടരുതെന്നാണ് മാർ കുണ്ടുകുളത്തിൽനിന്നും അദ്ദേഹം പഠിച്ച വലിയ പാഠം. ആ പാഠം ഇന്നും പിതാവ് അഭംഗുരം തുടർന്നുകൊണ്ടിരിക്കുന്നു.

ദൈവികദാനങ്ങൾക്ക് പൂർണ്ണത നൽകുവാനായി ദൈവം നിയോഗിച്ച വലിയ ഇടയനായ മേജർ ആർച്ച്ബിഷപ്പിന് സകല നന്മകളും നേരുന്നു. സഭയുടെ പ്രതിസന്ധികളെ അതിജീവിച്ച് ധൈര്യമായി മുന്നോട്ടുപോകാൻ തട്ടിൽ പിതാവിന് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

23 സംസ്ഥാനങ്ങളും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളും രണ്ട് ദ്വീപുകളും അടങ്ങുന്ന ഷംഷാബാദ് രൂപതയുടെ പ്രഥമ മെത്രാനായിരിക്കുമ്പോഴാണ് പുതിയ ദൈവനിയോഗം തട്ടിൽ പിതാവിനെ തേടിയെത്തുന്നത്. സീറോ മലബാർ സഭയുടെ ഏറ്റവും വിസ്തൃതമായ രൂപതയാണ് തെലുങ്കാനയിലെ ഷംഷാബാദ് രൂപത. ഒന്നുമില്ലായ്മയിൽനിന്ന് ഷംഷാബാദ് രൂപതയ്ക്ക് ഘടനയും ഭാവവും നൽകിയ പിതാവ് അവിടെയുള്ള വിശ്വാസികളുടെ ആത്മീയ ആവശ്യങ്ങൾ യഥോചിതം നിർവഹിക്കുന്നതിൽ കാണിച്ച ശ്രദ്ധയും ത്യാഗവും പകരംവയ്ക്കാനില്ലാത്ത സമാനതകളുടേതാണ്. ഏല്പിക്കപ്പെട്ട ദൗത്യങ്ങൾ വിശ്വസ്തതയോടെ നിർവഹിക്കുന്ന പിതാവിനെ ദൈവം ഏല്പിച്ച പുതിയ ദൗത്യമാണ് സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് പദവി.

രണ്ടായിരം വർഷം പാരമ്പര്യമുള്ള ഭാരതസഭ അതിന്റെ പാരമ്പര്യത്തിലധിഷ്ഠിതമായ സ്വയംഭരണത്തിലേയ്ക്ക് കടന്നതിന്റെ ശതാബ്ദിയാഘോഷത്തിന്റെ നിറവിലായിരിക്കുമ്പോൾ ഈ പുതിയ സ്ഥാനലബ്ധിയിൽ നമുക്കഭിമാനിക്കാം. 1992 ഡിസംബർ 16-നാണ് എറണാകുളം അങ്കമാലി അതിരൂപത ആസ്ഥാനമായി ജോൺ പോൾ രണ്ടാമൻ മാർപാപ്പ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി സീറോ മലബാർ സഭയെ പ്രഖ്യാപിച്ചത്. പ്രതിസന്ധിഘട്ടങ്ങളിൽ സഭയെ ധീരമായി മുന്നോട്ട് നയിച്ച മുൻ സഭാമേലധ്യക്ഷന്മാരെ ഓർത്ത് ദൈവത്തിന് നന്ദി പറയാം. ഫ്രാൻസിസ് പാപ്പായോടും മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിലിനോടും ചേർന്നുനിന്ന് ഈശോയ്ക്ക് സാക്ഷ്യം വഹിക്കാൻ നമുക്ക് പരിശ്രമിയ്ക്കാം. ഏകമനസ്സോടെ മുന്നോട്ട് നീങ്ങാം.




## ദിവ്യകാരുണ്യ സൗഖ്യ ആരാധന

എല്ലാ ദിവസവും 06.30 pm to 08.30 pm

## ദൈവകൃപയും കൃപയുടെ ഭവനവും

പട്ടത്തച്ചൻ CMI

https://www.youtube.com/jerusalemretreatcentrelive/live



## സഹനപ്പൂക്കൾ

പട്ടത്തച്ചൻ CMI

https://www.youtube.com/jerusalemretreatcentrelive/live

ശനിയാഴ്ചകളിൽ രാത്രി 6.30 മുതൽ 9.30 വരെ വിദ്യാർത്ഥികൾക്കും യുവതീയുവാക്കൾക്കും

## ഈശോയുടെ കൂടെ

TO BE WITH JESUS [FOR YOUTH]

ഫാ. സിജോ തയ്യാലക്കൽ CMI

എല്ലാ യുവജനങ്ങളെയും പ്രത്യേകം ക്ഷണിക്കുന്നു.

https://www.youtube.com/jerusalemretreatcentrelive/live




# പ്രാർത്ഥനകൾ ശ്രവിച്ച യേശുനാഥൻ



**നിഷ ബിജു,** കട്ടിലപീടിക ഹൗസ്,
പി. ഒ. നന്തിപുലം

1 രാജാക്കന്മാർ 9:3 തിരുവചനം ഇപ്രകാരമാണ്: ''നീ എന്റെ സന്നിധിയിൽ സമർപ്പിച്ച പ്രാർത്ഥനകളും യാചനകളും ഞാൻ ശ്രവിച്ചു''. പ്രാർത്ഥനകൾ ശ്രവിച്ച, ഉത്തരമേകിയ യേശുനാഥന് നന്ദിയേകുന്നു. എന്റെ ജീവിതപങ്കാളി ജോലിചെയ്തിരുന്ന കമ്പനിയിലെ ജോലി അവസാനിച്ചപ്പോൾ പുതിയ വർക്ക് തുടങ്ങുമ്പോൾ വിളിക്കാമെന്നു പറഞ്ഞ് ആറുമാസത്തേയ്ക്ക് ലീവിന് പോയി വരാൻ പറഞ്ഞ് നാട്ടിലേയ്ക്ക് വിട്ടു. ആറു മാസം കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ ജോലി ആരംഭിച്ചിട്ടില്ല. ആറുമാസം കൂടി ലീവിനുപോയി വരുവാൻ പറഞ്ഞു. അദ്ദേഹം വീണ്ടും നാട്ടിൽ വന്നു. പല ജോലികൾ അന്വേഷിച്ചു. ജോലി കിട്ടിയില്ല. പട്ടത്തച്ചനെ വന്നുകണ്ട് പ്രാർത്ഥിച്ചു. അച്ചൻ പറഞ്ഞു. രണ്ടാഴ്ച വിടുതൽ ശുശ്രൂഷയുണ്ട്. അതിൽ പങ്കെടുത്ത് പ്രാർത്ഥിക്കണം. ആദ്യത്തെ ആഴ്ചതന്നെ ശുശ്രൂഷയിൽ പങ്കെടുക്കുന്ന സമയത്ത് മെസ്സേജ് വന്നു. ഒരാഴ്ചക്കകം ജോലിയിൽ പ്രവേശിക്കുവാൻ 2023 ഓഗസ്റ്റ് നാലാം തീയതി പോയി. ജോലിയിൽ കയറി രണ്ടാമതായി മാർച്ച് മാസത്തിൽ എനിക്ക് പെട്ടെന്ന് അലർജി രോഗം വന്നു. പല ഡോക്ടർമാരെയും കാണിച്ചിട്ട് മാറിയില്ല. അവസാനം ജൂബിലിയിൽ നാലു ദിവസം അഡ്മിറ്റായി. ഞാൻ മാതാവിന്റെ വെളിച്ചെണ്ണ പുരട്ടി പ്രാർത്ഥിച്ചു. അലർജിരോഗം മാറ്റിത്തന്നാൽ ജറുസലെമിലെ അൾത്താരയിൽ സാക്ഷ്യം പറയാമെന്ന് നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചു. പിന്നീട് അലർജി രോഗം വന്നിട്ടില്ല. അലർജി രോഗത്തിൽനിന്ന് പൂർണ്ണവിടുതൽ നൽകി ഈശോയും പരിശുദ്ധ അമ്മയും അനുഗ്രഹിച്ചു.


## ജറുസലെം ശുശ്രൂഷകൾ ഫെബ്രുവരി

| | | |
|---|---|---|
| 8 - 11 | പരിശുദ്ധാത്മാഭിഷേക ധ്യാനം (മലയാളം) | (08.30 am) |
| 15 - 18 | ആത്മാഭിഷേക ധ്യാനം (തമിഴ്) | (08.30 am) |
| 18 | കുഞ്ഞുങ്ങളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥന | (09.30 am - 01.00 pm) |
| 23 - 25 | കോലഴി ഇടവക ധ്യാനം | |
| 25 - 28 | പോന്നോർ ഇടവക ധ്യാനം | |
| 27 - 28 | ഉപവാസ ധ്യാനം | (08.30 am) |

| | |
|---|---|
| തൊഴിലാളികളുടെ പ്രാർത്ഥന (വ്യാഴാഴ്ചകളിൽ)<br>To be with Jesus | (06.30 pm - 08.00 pm) |
| യുവജനങ്ങളുടെ പ്രാർത്ഥന (ശനിയാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| ജപമാല പ്രദക്ഷിണം (ഞായറാഴ്ചകളിൽ) | (05.15 pm - 06.15 pm) |
| കുമ്പസാരവും സ്പിരിച്വൽ കൗൺസിലിങ്ങും | (09.00 am - 12.00 pm) |
| ദിവ്യകാരുണ്യ സൗഖ്യാരാധന (എല്ലാ ദിവസവും) | (06.30 pm - 08.30 pm) |

**Retreat Booking No: 7025 152 530**

Jerusalem Retreat Centre You Tube Channelൽ
https://www.youtube.com/c/JerusalemRetreatCentre

## PRAYER LINE



Access code
3321285#
Call in
8929 700 137

എല്ലാ ദിവസവും രാത്രി 9.30 ന്
ബഹു. ഡേവീസ് പട്ടത്തച്ചൻ
നേതൃത്വം നൽകുന്നു

എല്ലാ വെള്ളിയാഴ്ചയും
പൊതു പ്രാർത്ഥനാ ദിനമായിരിക്കും
(8.30 a.m. - 3.30 p.m.)

## ജറുസലെം ശുശ്രൂഷകളെ സഹായിക്കാൻ ആഗ്രഹിക്കുന്നവർ



JERUSALEM RETREAT CENTRE
A/c. No. 0309 0381 9770 195 001
CSB Bank LTD, Thalore Branch
IFSC : CSBK 0000309
Swift code: CSYBIN 55
UPI id: jerusalemre.20077@csbpay

അക്കൗണ്ടിലൂടെ പണം അയക്കുന്നവർ
ഈ നമ്പറിലേക്ക് [+91 8304 069 046 ]
അഡ്രസ്സ് വാട്സ്ആപ്പ് ചെയ്യണേ


mmb/unionpress/ 9605 015 095